➩ കമ്പനി നേരിടേണ്ടിവരുന്ന നിയമനടപടികളിൽ നിന്നും ക്രമേണ കൊക്കക്കോള തടിയൂരി ➩

# നിയമനടപടികളെ മറികടക്കാൻ കൊക്കക്കോളയുടെ കുതന്ത്രങ്ങൾ

ചിറ്റൂർ ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ ഗോകുൽ പ്രസാദ് എന്ന വ്യക്തി ഫയൽ ചെയ്ത സ്വകാര്യ അന്യായം നിലനിൽക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് കാരണം കാണിക്കൽ നോട്ടീസ് നൽകിയ ശേഷവും കൊക്കക്കോള കമ്പനിക്കെതിരായ നിയമനടപടിയിൽ നിന്നും മലിനീകരണ നിയന്ത്രണ ബോർഡ് പിന്നോട്ടുപോയത്. നിയമനടപടി വഴിയുണ്ടാകുന്ന കുറ്റവിചാരണയിൽ നിന്നും രക്ഷപ്പെടുന്നതിന് വേണ്ടിയാണ് അതിനുമുന്നേ ഗോകുൽ പ്രസാദ് എന്ന സ്വകാര്യവ്യക്തി വഴി സമാന പ്രശ്നം ചൂണ്ടിക്കാണിച്ച് കൊക്കക്കോള ഒരു കേസ് ഫയൽ ചെയ്തതെന്നാണ് രേഖകൾ  വ്യക്തമാകുന്നത്.

■ **നീതുദാസ്**

**പ്ലാച്ചിമടയിലെ** മലിനീകരണ പ്രശ്നം വലിയ രീതിയിൽ ചർച്ചാവിഷയമായിരുന്ന കാലത്തും, മലിനീകരണത്തിന് കാരണമായത് കൊക്കക്കോള കമ്പനിയുടെ പ്രവർത്തനമാണെന്ന് പഠനറിപ്പോർട്ടുകൾ സാക്ഷ്യപ്പെടുത്തിയിട്ടും അത് അംഗീകരിക്കാൻ കമ്പനി തയ്യാറായിരുന്നില്ല. മലിനീകരണത്തിന് കാരണമായിത്തീർന്ന ഒരു കമ്പനി നേരിടേണ്ടിവരുന്ന നിയമനടപടികളിൽ നിന്നും ക്രമേണ കൊക്കക്കോള തടിയൂരി. കൊക്കക്കോള കമ്പനിക്കെതിരെ ഒരു സ്വകാര്യവ്യക്തി ഫയൽ ചെയ്ത അന്യായമാണ് മലിനീകരണം നടത്തിയതിന്റെ ബാധ്യതയിൽ നിന്ന് ഒഴിവാകാൻ കമ്പനിക്ക് സഹായകമായതെന്ന് അടുത്തിടെ വിവരാവകാശ നിയമപ്രകാരം ലഭിച്ച രേഖകൾ വ്യക്തമാക്കുന്നു. കോർപ്പറേറ്റുകൾ എങ്ങനെയാണ് കുതന്ത്രങ്ങളിലൂടെ നിയമവ്യവസ്ഥയെ മറികടക്കുന്നതെന്ന് ഈ വിവരങ്ങൾ വ്യക്തമാക്കുന്നു. 2007 സെപ്തംബർ 27ന് മലിനീകരണ നിയന്ത്രണ ബോർഡ് (പി.സി.ബി) കൊക്കക്കോളയ്ക്കെതിരെ കാരണം കാണിക്കൽ നോട്ടീസ് നൽകുന്നതിന് കുറച്ചുനാൾ മുമ്പ് ചിറ്റൂർ കോടതിയിൽ ഗോകുൽ പ്രസാദ് എന്ന വ്യക്തി ഒരു കേസ് ഫയൽ ചെയ്തിരുന്നതായി രേഖകൾ വ്യക്തമാക്കുന്നു. പ്രദേശത്തെ മണ്ണും ജലവും കമ്പനി മലിനമാക്കിയെന്ന് ആരോപിച്ച് ഫയൽ ചെയ്ത കേസിൽ 2012ലാണ് വിധി വന്നത്. മതിയായ തെളിവുകളുടെ അഭാവത്തിൽ കമ്പനിയെ വെറുതെ വിട്ടുകൊണ്ടായിരുന്നു പാലക്കാട് ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി വിധി പുറപ്പെടുവിച്ചത്.

ഗോകുൽ പ്രസാദ് ഫയൽ ചെയ്ത കേസ് നിലനിൽക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് കാരണം കാണിക്കൽ നോട്ടീസ് നൽകിയ ശേഷവും പി.സി.ബി കമ്പനിക്കെതിരായ നിയമനടപടിയിൽ നിന്ന് പിന്നോട്ടുപോയത്. പി.സി.ബിയുടെ നിയമനടപടി വഴിയുണ്ടാകുന്ന കുറ്റവിചാരണയിൽ നിന്നും  ഔദ്യോഗികമായി കുറ്റവാളിയെന്ന് സ്ഥിരീകരിക്കപ്പെടുന്നതിൽ നിന്നും രക്ഷപ്പെടുന്നതിന് വേണ്ടിയാണ് അതിനുമുന്നേ ഗോകുൽ പ്രസാദ് എന്ന സ്വകാര്യവ്യക്തി വഴി സമാന പ്രശ്നം ചൂണ്ടിക്കാണിച്ച് ഒരു കേസ് ഫയൽ ചെയ്തതെന്നാണ് രേഖകൾ സൂക്ഷ്മമായി വിലയിരുത്തുമ്പോൾ വ്യക്തമാകുന്നത്.

ചിറ്റൂർ ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിലാണ് പ്ലാച്ചിമടയിലെ മണ്ണും വെള്ളവും മലിനീകരിക്കപ്പെട്ടത് കൊക്കക്കോള കമ്പനി കാരണമാണെന്ന് ആരോപിച്ച് ഗോകുൽ പ്രസാദ് കേസ് ഫയൽ ചെയ്ത

ത്. കേസ് ഫയൽ ചെയ്യാൻ കാണിച്ച ശുഷ്കാന്തിയും വ്യഗ്രതയും, കമ്പനിക്കെതിരായ ആരോപണങ്ങൾ തെളിയിക്കാൻ പ്രസ്തുത വ്യക്തി കാണിച്ചില്ല എന്നതാണ് ഗോകുൽ പ്രസാദ് എന്ന വ്യക്തിയുടെ ഉദ്ദേശശുദ്ധിയിൽ സംശയം ജനിപ്പിക്കുന്ന പ്രധാന ഘടകം. മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിയമനടപടികളിൽ നിന്ന് രക്ഷപ്പെടാനായി കൊക്കക്കോള ഗോകുൽ പ്രസാദ് എന്ന വ്യക്തിയെ ഉപയോഗിക്കുകയായിരുന്നുവെന്ന സംശയം ഇത് ബലപ്പെടുത്തുന്നു.

1974ലെ വാട്ടർ ആക്ട് പ്രകാരം ജലമലിനീകരണം തടയാനും നിയന്ത്രിക്കാനുമാണ് കേന്ദ്ര, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകൾ രൂപീകരിക്കപ്പെട്ടത്. ആക്ട് പ്രകാരമുള്ള നിബന്ധനകൾ ലംഘിച്ച് ഒരു ഫാക്ടറി മലിനീകരണം നടത്തുകയാണെങ്കിൽ അതിനെതിരെ നിയമനടപടി സ്വീകരിക്കാനുള്ള അധികാരം പ്രസ്തുത ആക്ട് ബോർഡിന് നൽകുന്നുണ്ട്. ബോർഡിനെ മുൻകൂട്ടി അറിയിക്കുന്ന പക്ഷം, മലിനീകരണം നടത്തിയ സ്ഥാപനത്തിനെതിരെ നിയമനടപടി ആവശ്യപ്പെട്ടുകൊണ്ട് ഒരു സ്വകാര്യവ്യക്തിക്ക് കോടതിയെ സമീപിക്കാനുള്ള സാധ്യതയും വാട്ടർ ആക്ടിലുണ്ട്. മലിനീകരണത്തിന് കാരണം ഏതെങ്കിലും സ്ഥാപനമാണെന്ന് പരാതിക്കാരൻ വിശ്വസിക്കുന്ന പക്ഷം അത് സാങ്കേതികമായി തെളിയിക്കാനുള്ള ബാധ്യതയും അയാൾക്കുണ്ട്. പി.സി.ബിയുടെ പരിശോധനാ റിപ്പോർട്ടുകളിലെ കണക്കുകൾ തങ്ങളാണ് മലിനീകരണത്തിന് കാരണക്കാരെന്ന് തെളിയിക്കാൻ പര്യാപ്തമല്ലെന്ന് വാദിക്കുന്ന കൊക്കക്കോളയെ പോലൊരു കമ്പനിക്കെതിരെ ആകുമ്പോൾ, ഗോകുൽ പ്രസാദ് പ്രസ്തുത കേസിന്റെ സങ്കീർണത അറിഞ്ഞിരിക്കേണ്ടതാണ്. പരാതി നൽകാനുള്ള ഉദ്ദേശം മലിനീകരണ നിയന്ത്രണ ബോർഡിനെ അറിയിച്ചെങ്കിൽ മാത്രമെ ഒരു വ്യക്തിക്ക് വാട്ടർ ആക്ട് പ്രകാരം കോടതിയിൽ പോകാൻ കഴിയുകയുള്ളൂ. പരാതി നൽകാനുള്ള ഉദ്ദേശ്യം അറിയിച്ചുകൊണ്ട് 2005 ജൂലൈ 7ന് ഗോകുൽ പ്രസാദ് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് നോട്ടീസ് അയക്കുകയുണ്ടായി. 60 ദിവസത്തിനുള്ളിൽ ബോർഡ് പ്രതികരിക്കാത്ത പക്ഷം കേസുമായി വ്യക്തിക്ക് മുന്നോട്ടുപോകാം എന്നുള്ളതിനാൽ ബോർഡിന്റെ തീരുമാനം ഇതിന് നിയമപരമായ തടസ്സമാകില്ല. പ്രസ്തുത നോട്ടീസ് ബോർഡ് ചർച്ചക്കെടുത്തിരുന്നില്ലെന്നും എന്നാൽ ഗോകുൽ പ്രസാദ് ആവശ്യപ്പെട്ട രേഖകളെല്ലാം നൽകിയിരുന്നുവെന്നുമാണ് അന്നത്തെ പി.സി.ബി മെമ്പർ സെക്രട്ടറി എസ്.ഡി. ജയപ്രസാദ് പറയുന്നത്. ബോർഡിന് നൽകിയ നോട്ടീസിന്റെ കോപ്പിയും പരാതിക്കാരന് പി.സി.ബിയിൽ നിന്ന് ലഭിച്ച കത്തിന്റെ കോപ്പിയും കോടതിക്ക് മുന്നിൽ സമർപ്പിച്ചതായി കേസിന്റെ വിധിപ്പകർപ്പിൽ പാലക്കാട് ചീഫ് ജുഡീഷൽ മജിസ്ട്രേറ്റ് കെ.ആർ. മധുകുമാർ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എന്ത് മറുപടിയാണ് ബോർഡ് നൽകിയത് എന്ന് വ്യക്തമല്ല.

കൊക്കക്കോള കമ്പനിയെ ഒന്നാം കക്ഷിയാക്കിക്കൊണ്ടും, കമ്പനിയുടെ പ്രസിഡന്റ്, സീനിയർ വൈസ് പ്രസിഡന്റ്, ഏരിയ ജനറൽ മാനേജർ എന്നിവരെ 2,3,4 കക്ഷികളാക്കിക്കൊണ്ടുമാണ് ഗോകുൽ പ്രസാദ് ചിറ്റൂർ ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ അന്യായം ഫയൽ ചെയ്തത്. ഫാക്ടറിയിൽ നിന്നുള്ള ഖരമാലിന്യം കർഷകർക്ക് വളമായി വിതരണം ചെയ്തതിനാൽ പ്രദേശത്തെ മണ്ണും വെള്ളവും മലിനീകരിക്കപ്പെട്ടിട്ടുണ്ട് എന്നതായിരുന്നു പരാതി നൽകാനുള്ള കാരണം. 2006ൽ കോടതി പരാതി പരിഗണനക്കെടുക്കുകയും (CC 139/06) 2008 ആഗസ്ത് 27ലെ വിധി പ്രകാരം പാലക്കാട് ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിലേക്ക് മാറ്റുകയും ചെയ്തു. 2009 ആഗസ്ത് 24ന് രജിസ്ടർ ചെയ്യപ്പെട്ട കേസിന്റെ ആദ്യ ഹിയറിങ് നടക്കുത് 2011 മാർച്ച് 4നാണ്. 2012 ആഗസ്ത് 21ന് വിധി വരികയും ചെയ്തു.

### വിധിയുടെ സംക്ഷിപ്തം

കുറ്റവിചാരണ ചെയ്യാൻ മതിയായ തെളിവുകൾ ഇല്ലാത്തതിനാൽ സി.ആർ.പി.സി 245(1) വകുപ്പ് പ്രകാരം കമ്പനിയെ കുറ്റവിമുക്തനാക്കുന്നു എന്നാണ് പാലക്കാട് സി.ജെ.എം കോടതി വിധിച്ചത്. ആരോപിക്കപ്പെട്ട കുറ്റത്തിൽ 2 മുതൽ 4വരെയുള്ള കക്ഷികളുടെ പങ്കെന്താണെന്ന് പരാതിക്കാരൻ വിശദമാക്കിയിട്ടില്ലെന്നും അവരുടെ ഇടപെടൽ വ്യക്തമാക്കുന്ന തെളിവുകൾ പരാതിക്കാരന് ഹാജരാക്കാമായിരുന്നുവെന്നും കോടതി നിരീക്ഷിച്ചിട്ടുണ്ട്. കൊക്കക്കോള കമ്പനിയെ ഒന്നാം കക്ഷിയാക്കി ഫയൽ ചെയ്ത കേസിൽ കമ്പനിയുടെ പ്രസിഡന്റ് സഞ്ജീവ് ഗുപ്ത രണ്ടാം കക്ഷിയും, സീനിയർ വൈസ് പ്രസിഡന്റ് വിനീത് കുമാർ കപില മൂന്നാം കക്ഷിയും പ്ലാന്റ് മാനേജർ എൻ. ജനാർദ്ധനൻ നാലാം കക്ഷിയുമാണ്. വാട്ടർ ആക്ട് പ്രകാരം ഒരു കമ്പനിക്കെതിരെയാണ് പരാതി നൽകുന്നതെങ്കിൽ കമ്പനിയുടെ ഡയറക്ടർ, മാനേജർ, സെക്രട്ടറി, മറ്റ് ഉദ്യോഗസ്ഥർ എന്നിവർ കുറ്റക്കാരാണെന്ന് തെളിയിക്കേണ്ട ബാധ്യത പരാതിക്കാരനാണെന്ന നിയമത്തിന്റെ വലിയ പരിമിതി അറിയാതെ ആയിരിക്കുമോ ഗോകുൽ പ്രസാദ് പരാതി ഫയൽ ചെയ്തിരിക്കുക?

*⇨ മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദേശത്തെ തുടർന്നാണ് കമ്പനി അതിന് തയ്യാറാകുന്നത് ⇨*

ഖരമാലിന്യത്തിൽ കാഡ്മിയം എങ്ങനെ വന്നുവെന്നുള്ളത് ഒരു ആധികാരിക സ്ഥാപനം അന്വേഷിച്ച് കണ്ടെത്തേണ്ട കാര്യമാണെന്ന് കോടതി നിരീക്ഷിക്കുന്നുണ്ട്. 2003ൽ പി.സി.ബി നടത്തിയ പഠനത്തിന്റെ ലക്ഷ്യങ്ങളിൽ ഒന്ന് ഇതായിരുന്നു. എന്നാൽ ഇതിനുള്ള ഉത്തരമോ അതിനുള്ള ശ്രമം നടത്തിയതിന്റെ സൂചനയോ പ്രസ്തുത റിപ്പോർട്ടിൽ ഉണ്ടായിരുന്നില്ല. അങ്ങനൊരു സാഹചര്യത്തിൽ ഖരമാലിന്യത്തിൽ കാഡ്മിയം വന്നതെങ്ങനെയെന്ന് പരാതിക്കാരന് കണ്ടെത്താനായിട്ടില്ലെന്ന ജഡ്ജിയുടെ നിരീക്ഷണത്തിൽ അതിശയിക്കാനൊന്നുമില്ല. എന്നാൽ ബുദ്ധിമുട്ടില്ലാതെ ലഭിക്കുമായിരുന്ന തെളിവുകൾ പോലും ഗോകുൽ പ്രസാദ് സമർപ്പിച്ചിരുന്നില്ലെന്ന് കൂടുതൽ നിരീക്ഷണങ്ങളിലൂടെ കടന്നുപോകുമ്പോൾ മനസ്സിലാകും. പ്ലാന്റിനകത്തും പരിസരത്തും ഉള്ള മലിനജലത്തിലോ ഖരമാലിന്യത്തിലോ കാഡ്മിയത്തിന്റെ സാന്നിധ്യം തെളിയിക്കാൻ പരാതിക്കാരന് പി.സി.ബി നടത്തിയ സാമ്പിളിങ്ങിന്റെ ലബോറട്ടറി റിപ്പോർട്ട് മാത്രം മതിയാകുമായിരുന്നു. ഏതെങ്കിലും കൃഷിക്കാരൻ എപ്പോഴെങ്കിലും ഖരമാലിന്യം വളമായി ഉപയോഗിച്ചതിന് തെളിവില്ലെന്നും ഏതെങ്കിലും കൃഷിഭൂമിയിൽ കാഡ്മിയം ഉണ്ട് എന്നതിന് തെളിവില്ലെന്നും കൂടി കോടതി പ്രസ്തുത വിധിയിൽ പറയുന്നു. ഫാക്ടറിയിൽ നിന്നുള്ള ഖരമാലിന്യം പരിസരത്തുള്ള കൃഷിക്കാർക്ക് വളമായി വിതരണം ചെയ്തിരുന്നുവെന്നത് കൊക്കക്കോള കമ്പനി പോലും സമ്മതിച്ച കാര്യമാണ്. ഇതിൽ കാഡ്മിയം പോലുള്ള വിഷപദാർഥങ്ങൾ അടങ്ങിയിരിക്കുന്നതിനാൽ കൃഷിക്കാരിൽ നിന്നും ഇത് തിരിച്ചെടുക്കണമെന്ന സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദേശത്തെ തുടർന്നാണ് കമ്പനി അതിന് തയ്യാറാകുന്നത്.

ഒരു ഗുരുതര കുറ്റത്തിനെതിരായി ഒരു സ്വകാര്യ അന്യായം വരുമ്പോൾ കുറ്റം ചെയ്തുവെന്ന് സ്ഥാപിക്കാൻ ആവശ്യമായ തെളിവുകൾ കോടതിക്ക് മുന്നിൽ ഹാജരാക്കിയെങ്കിൽ മാത്രമെ ചാർജ്ജ് ഫ്രെയിം ചെയ്യേണ്ടതുള്ളൂവെന്ന് നിയമം അനുശാസിക്കുന്നതായി പ്രസ്തുത വിധിപ്പകർപ്പിൽ പറയുന്നുണ്ട്. ഏതെങ്കിലും സ്ഥാപനത്തിന്റെ കണ്ടെത്തലുകൾ തെളിവായി പരിഗണിക്കാൻ കഴിയില്ലെന്നും എന്നാൽ പ്രസ്തുത കണ്ടെത്തലിൽ എത്താനായി ആ സ്ഥാപനം ആശ്രയിച്ച വിവരങ്ങളെ കോടതിക്ക് മുന്നിൽ സമർപ്പിക്കാവുന്നതാണെന്നും വിധിപ്പകർപ്പിൽ പറയുന്നു. കുറ്റാരോപിതർക്കെതിരെ ഗുരുതരമായ ആരോപണങ്ങൾ ഉണ്ടാകുമ്പോൾ, മതിയായ തെളിവുകളില്ലാതെ കുറ്റവിചാരണ നടത്തുന്നത് പൊതുതാത്പര്യത്തിന് എതിരാണ് എന്ന കോടതി നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണ് വിധി. ബന്ധപ്പെട്ട അധികാരികൾ അന്വേഷണം നടത്തേണ്ടുന്നതും ശരിയായ വിചാരണക്കായി ശരിയായ ചാർജുകൾ കോടതിക്ക് മുന്നിൽ വെക്കേണ്ടതുമാണെന്ന നിർദേശത്തോടുകൂടിയാണ് കോടതി കമ്പനിയെ വെറുതെ വിടുന്നതായി ഉത്തരവിറക്കിയത്. കമ്പനിയെ കുറ്റവിചാരണ ചെയ്യാൻ ശരിയായ കാരണങ്ങൾ ഉണ്ടെങ്കിൽ അത് യഥാക്രമം ചെയ്യണമെന്നും കോടതി നിർദേശിക്കുന്നു. കുറ്റവിചാരണക്കായി ശരിയായ കാരണങ്ങൾ കോടതിക്ക് മുന്നിൽ എത്തിയില്ല എന്നുള്ളത് ജഡ്ജി സാക്ഷ്യപ്പെടുത്തുന്നു.

### കേസിന്റെയും പരാതിക്കാരന്റെയും രഹസ്യസ്വഭാവം

സുപ്രീംകോടതി മോണിറ്ററിങ് കമ്മിറ്റി പ്ലാച്ചിമട സന്ദർശിച്ചതിന് ശേഷം നൽകിയ നിർദേശങ്ങൾ (മലിനീകരണം ബാധിച്ച പ്രദേശങ്ങളിൽ കമ്പനി കുടിവെള്ളം വിതരണം ചെയ്യണമെന്നും പാഴ്ജലസംസ്കരണത്തിനായി കൂടുതൽ കാര്യക്ഷമമായ റിവേഴ്സ് ഓസ്മോസിസ് സംവിധാനം സ്ഥാപിക്കണമെന്നും) കമ്പനി നടപ്പിലാക്കാത്തതിനാൽ പ്ലാച്ചിമടയിലെ പ്ലാന്റിന്റെ പ്രവർത്തനം നിർത്തിവെക്കണമെന്ന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഉത്തരവിറക്കിയ വർഷമാണ് 2005. ആ ഘട്ടത്തിലും കമ്പനി മൂലം പരിസരം മലിനീകരിക്കപ്പെട്ടിട്ടില്ലെന്ന് അവർ വാദിച്ചുകൊണ്ടിരിക്കുകയായിരുന്നു. കൂടാതെ ഫാക്ടറിയുടെ പ്രവർത്തനത്തിനായി പ്രതിദിനം 5 ലക്ഷം ലിറ്റർ ഭൂഗർഭജലം പ്ലാച്ചിമടയിൽ നിന്ന് ഉപയോഗിച്ചുകൊള്ളാൻ ഹൈക്കോടതി ഉത്തരവിടുകയും അതിനെതിരെ ശക്തമായ പ്രതിഷേധം നടക്കുകയും ചെയ്ത വർഷവുമാണ് 2005. എന്നാൽ ഇങ്ങനൊരു കേസിന്റെ വിവരം 2007ലെ പി.സി.ബിയുടെ കാരണം കാണിക്കൽ നോട്ടീസിന് കമ്പനി നൽകിയ മറുപടിയിലൂടെ മാത്രമാണ് മറ്റുള്ളവർ അറിയുന്നത്.

2007 സെപ്തംബർ 27നാണ് വാട്ടർ ആക്ട് പ്രകാരം കമ്പനിക്കെതിരെ നിയമനടപടികൾ സ്വീകരിക്കാതിരിക്കാൻ കാരണം കാണിക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് കമ്പനിക്ക് നോട്ടീസ് അയക്കുന്നത്. 'ചിറ്റൂർ കോടതിയിൽ ഒരു സ്വകാര്യ വ്യക്തി അന്യായം കൊടുത്തിട്ടുള്ളതിനാൽ കമ്പനി പ്രോസിക്യൂഷൻ നടപടികൾ നേരിടുകയാണെന്നും ആയതിനാൽ പ്രസ്തുത ഷോകോസ് നോട്ടീസിന് സാധുത ഇല്ല' എന്നുമായിരുന്നു കമ്പനിയുടെ മറുപടി. വാട്ടർ ആക്ടിലെ 49ാം വകുപ്പ് പ്രകാരം ബോർഡിന്

ഔദ്യോഗികമായി നോട്ടീസ് നൽകിയതിന് ശേഷം മാത്രമാണ് പ്രോസിക്യൂഷൻ നടപടികൾ തുടങ്ങിയതെന്നും ബോർഡിലെ ഉദ്യോഗസ്ഥർ പ്രസ്തുത പരാതിയിലെ സാക്ഷി പട്ടികയിൽ ഉൾപ്പെടുന്നവരാണെും കമ്പനി മറുപടിയിൽ പറയുന്നു. കൊക്കക്കോളയിൽ നിന്നും ഈ വിശദീകരണം ലഭിച്ച ശേഷം തുടർനടപടികൾക്കൊന്നും ബോർഡ് മുതിർന്നിട്ടില്ല. കുറ്റവിചാരണ ചെയ്ത് കൊക്കക്കോളയെ ആ നാട്ടിൽ നിന്നും പുറത്താക്കുക എന്ന പ്ലാച്ചിമട സമരത്തിന്റെ ആവശ്യം കമ്പനി മറികടന്നത് ഇങ്ങനെയാണ്. കൊക്കക്കോളയെ കുറ്റവിചാരണ ചെയ്യാനുള്ള നടപടികളിൽ നിന്ന് കമ്പനിയുടെ വിശദീകരണം ലഭിച്ചതിനെത്തുടർന്ന് പി.സി.ബി പൂർണ്ണമായി പിന്മാറുകയും ചെയ്തു.

ഒരുകാലത്തും കൊക്കക്കോള വിരുദ്ധ സമരസമിതിയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിട്ടുള്ള വ്യക്തിയല്ല ഗോകുൽ പ്രസാദ്. എന്നാൽ കൊക്കക്കോളയുമായി ബന്ധപ്പെട്ട വിഷയത്തിൽ ഗോകുൽ പ്രസാദ് മുമ്പും ഇടപെട്ടിട്ടുമുണ്ട്. 2004ൽ പാലക്കാട് ജില്ലയിൽ അനുഭവപ്പെട്ട വരൾച്ച കാരണം കൊക്കക്കോള കമ്പനി പ്രവർത്തനം നിർത്തിവെക്കേണ്ടി വന്ന സാഹചര്യത്തിൽ പാലക്കാടുള്ള മറ്റ് ബിവറേജസ് ഫാക്ടറികളുടെ കൂടി പ്രവർത്തനം നിർത്തിവെപ്പിക്കണമെന്ന് ആവശ്യപ്പെട്ട് കേരള ഭൂജല വകുപ്പിന് നോട്ടീസ് അയക്കുകയും നടപടികൾ ഉണ്ടാകാതിരുന്ന പക്ഷം ഹൈക്കോടതിയിൽ പെറ്റീഷൻ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട് ഇദ്ദേഹം.

സംസ്ഥാന സർക്കാർ സമർപ്പിച്ച സ്പെഷൽ ലീവ് പെറ്റീഷനുമായി ബന്ധപ്പെട്ടുള്ള സുപ്രീംകോടതി നോട്ടീസ് കക്ഷികൾക്ക് നേരിട്ട് വിതരണം ചെയ്യാനായി 2006 മാർച്ച് 30ന് അഡ്വക്കേറ്റ് ജനറൽ പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർക്ക് അയച്ചുകൊടുക്കുകയുണ്ടായി. ഗോകുൽ പ്രസാദ് സെക്രട്ടറിയായുള്ള പീപ്പ്ൾസ് ഫോറം ഫോർ നാച്വുറൽ ജസ്റ്റിസ് എന്ന സംഘടന മൂന്നാം കക്ഷിയായും നാലാം കക്ഷിയായി ഗോകുൽ പ്രസാദ് എന്ന വ്യക്തിയും നോട്ടീസ് കൈപ്പറ്റാനുള്ളവരുടെ ലിസ്റ്റിൽ ഉണ്ടായിരുന്നു. എന്നാൽ 2006 ജൂലൈ 18ലെ മറുപടി കത്തിൽ മൂന്നും നാലും കക്ഷികൾ നോട്ടീസ് കൈപറ്റിയിട്ടില്ലെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ പറയുന്നു. 2006ലാണ് ചിറ്റൂർ കോടതിയിൽ ഗോകുൽ പ്രസാദ് കമ്പനിക്കെതിരെ കേസ് ഫയൽ ചെയ്യുന്നത് എന്നത് ഇതിനോട് ചേർത്തു വായിക്കണം. നിലവിലും ഈ വിലാസത്തിൽ ഗോകുൽ പ്രസാദ് എന്ന വ്യക്തി താമസമില്ല. എവിടെയാണെന്ന് ചുറ്റുപാടുമുള്ളവർക്ക് അറിയുകയുമില്ല.

സുപ്രീംകോടതി നോട്ടീസ് അയക്കാനായി ലിസ്റ്റ് ചെയ്തിട്ടുള്ള 5-ാമത്തെ കക്ഷി കൊക്കക്കോള കമ്പനിയുടെ എംപ്ലോയീസ് അസോസിയേഷൻ സെക്രട്ടറി പി. വിനോദ് ആയിരുന്നു. വിനോദ് ഉൾപ്പെടെ കമ്പനിയിലെ തന്നെ തൊഴിലാളികളായ മറ്റ് കക്ഷികളും ഗോകുൽ പ്രസാദിന്റെ തന്നെ വിലാസമാണ് കൊടുത്തിരിക്കുന്നത്. 2004 മാർച്ച് 30ന് കമ്പനിയുടെ ലൈസൻസ് അപേക്ഷ തള്ളിയ പെരുമാട്ടി പഞ്ചായത്ത് ഉത്തരവിനെതിരെ ഹിന്ദുസ്ഥാൻ കൊക്കക്കോള ബിവറേജസ് എംപ്ലോയീസ് യൂണിയന് വേണ്ടി ഹൈക്കോടതിയിൽ പെറ്റീഷൻ ഫയൽ ചെയ്ത വ്യക്തിയാണ് പി. വിനോദ്. കമ്പനിക്ക് ലൈസൻസ് നൽകാതിരുന്ന പഞ്ചായത്ത് നടപടിയെ എതിർത്തുകൊണ്ട് നിയമനടപടിക്ക് മുതിർന്ന പി. വിനോദും, കമ്പനിക്കെതിരെ വാട്ടർ ആക്ട് പ്രകാരം കേസ് കൊടുക്കുകയും എന്നാൽ തെളിവ് ഹാജരാക്കാതെ കമ്പനിയെ നിയമം അനുശാസിക്കു ശിക്ഷയിൽ നിന്നും പി.സി.ബിയിൽ നിന്നും രക്ഷിക്കുകയും ചെയ്ത ഗോകുൽ പ്രസാദും ഒരേ വിലാസക്കാരാകുന്നത് യാദൃശ്ചികമാണെന്ന് കരുതാനാകില്ല.

കൊക്കക്കോളയിൽ നിന്നും ഈ വിശദീകരണം ലഭിച്ച ശേഷം തുടർനടപടികൾക്കൊന്നും ബോർഡ് മുതിർന്നിട്ടില്ല. കുറ്റവിചാരണ ചെയ്ത് കൊക്കക്കോളയെ ആ നാട്ടിൽ നിന്നും പുറത്താക്കുക എന്ന പ്ലാച്ചിമട സമരത്തിന്റെ ആവശ്യം കമ്പനിക്ക് മറികടന്നത് ഇങ്ങനെയാണ്. കൊക്കക്കോളയെ കുറ്റവിചാരണ ചെയ്യാനുള്ള നടപടികളിൽ നിന്ന് കമ്പനിയുടെ വിശദീകരണം ലഭിച്ചതിനെത്തുടർന്ന് പി.സി.ബി പൂർണ്ണമായി പിന്മാറുകയും ചെയ്തു.

കാലതാമസമാണ് നിലവിൽ കൊക്കക്കോള കമ്പനിക്കെതിരെ നിയമനടപടി സ്വീകരിക്കാത്തതിന് കാരണമായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പറയുന്ന ന്യായം. എന്നാൽ പ്ലാച്ചിമടയിലേത് 2004ൽ ഫാക്ടി അടച്ചുപൂട്ടിയതോടു കൂടി അവസാനിച്ച മലിനീകരണ പ്രശ്നമല്ലെന്നും അത് നിലവിൽ ദൂരങ്ങളിലേക്ക് വ്യാപിക്കുന്നുണ്ടെന്ന് ബോർഡിന്റെ തന്നെ ചില പഠനങ്ങൾ വ്യക്തമാക്കുന്നു. എന്നിട്ടും തുടർ നടപടികൾക്ക് പി.സി.ബി മുതിരാതിരിക്കുന്നത് സർക്കാറുകളുടെയും ഭരണസ്ഥാപനങ്ങളുടെയും കോർപ്പറേറ്റ് വിധേയത്വം കൊണ്ടാണെന്ന് ഈ വസ്തുതകൾ വ്യക്തമാക്കുന്നു. ■